**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1127** **12-06-2024 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയുടെ വൈദ്യുതി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ജല അതോറിറ്റിയുടെ പ്രതിമാസ വൈദ്യുതി ഉപയോഗം എത്രയാണെന്നും അതിന് നൽകേണ്ട തുക എത്രയാണെന്നും കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | HT (ഹൈടെൻഷൻ), LT (ലോ ടെൻഷൻ) കണക്ഷനുകളിലേക്കായി 541.51 lakh KWH യൂണിറ്റ് വൈദ്യുതി ആണ് കേരള വാട്ടർ അതോറിറ്റിയുടെ പ്രതിമാസ ഉപഭോഗം.<br><br>2023-2024 സാമ്പത്തിക വർഷം ജല അതോറിറ്റിയുടെ വാർഷിക വൈദ്യുതി ഉപയോഗത്തിന് നൽകേണ്ട വൈദ്യുതി ചാർജ്ജ് 455.76 കോടി രൂപ ആണ്. പ്രതിമാസ ചാർജ്ജ് ഏകദേശം 37.98 കോടി രൂപയാണ്. |
| (ബി) | പ്രതിമാസ വരുമാനത്തിന്റെ പത്ത് ശതമാനം മാത്രമേ വൈദ്യുതി ചാർജ് ഇനത്തിൽ നൽകാൻ കഴിയൂ എന്ന് ജല അതോറിറ്റി വൈദ്യുതി ബോർഡിനെ അറിയിച്ചിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | പ്രതിമാസം വാട്ടർ ചാർജ്ജ് ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിന്റെ പത്ത് ശതമാനം മാത്രമേ വൈദ്യുതി ചാർജ് ഇനത്തിൽ നൽകാൻ കഴിയൂ എന്ന് ജല അതോറിറ്റി വൈദ്യുതി ബോർഡിനെ അറിയിച്ചിരുന്നു. വാട്ടർ ചാർജ്ജിനത്തിൽ പിരിഞ്ഞു കിട്ടുന്ന തുകയും സർക്കാരിൽ നിന്ന് ലഭിക്കുന്ന നോൺ-പ്ലാൻ വിഹിതവും ഉപയോഗിച്ചാണ് വാട്ടർ അതോറിറ്റിയുടെ ദൈനംദിന ചിലവുകൾ നടത്തുന്നത്. 2023 -2024 സാമ്പത്തിക വർഷം നോൺ-പ്ലാൻ ഇനത്തിൽ ബഡ്ജറ്റ് വിഹിതമായ 357.28 കോടി രൂപയിൽ ശമ്പളത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾക്കുമായി 45.93 കോടി രൂപയാണ് സർക്കാർ അനുവദിച്ച നൽകിയത്. ആയതിനാൽ ശമ്പളം, പെൻഷൻ HR വേജസ് തുടങ്ങിയ ചിലവുകൾ പൂർണമായി വാട്ടർ ചാർജ്ജിനത്തിൽ പിരിഞ്ഞു കിട്ടിയ തുകയിൽ നിന്നുമാണ് ചെലവാക്കിയത്. ഈ കാരണത്താലാണ് പ്രതിമാസം വാട്ടർ ചാർജ്ജ് ഇനത്തിൽ ലഭിക്കുന്ന വരവിന്റെ 10% മാത്രമേ വൈദ്യുതി ചാർജ്ജിനത്തിൽ നല്കാൻ കഴിയൂ എന്ന് ജല അതോറിറ്റി വൈദ്യുതി ബോർഡിനെ അറിയിച്ചത്. കൂടുതൽ തുക നൽകുന്ന പക്ഷം |

| | | | |
|---|---|---|---|
| | | | ശമ്പളവും പെൻഷനും യഥാസമയം നല്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ വകുപ്പുകളിൽ നിന്നും പിരിച്ചെടുക്കേണ്ട വെള്ളക്കര കുടിശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ വകുപ്പുകളിൽ നിന്നും പിരിച്ചെടുക്കേണ്ട വാട്ടർ ചാർജ്ജ് കുടിശിക പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സെക്ഷൻ ഓഫീസ് തലത്തിൽ വരെയുള്ള ജീവനക്കാരെ ഏകോപിപ്പിച്ച് ഊർജിതകുടിശിക നിർമാർജന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുടിശ്ശികയുള്ള എല്ലാ കണക്ഷനുകളിലും പ്രത്യേക നോട്ടീസുകൾ നല്കി. സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. എല്ലാ സർക്കാർ സ്ഥാപങ്ങൾക്കും രണ്ട് മാസം കൂടുന്തോറും വാട്ടർ ചാർജ് ബില്ലുകൾ നൽകി വരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ചു കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ, സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടവാക്കണമെന്ന നിർദ്ദേശം ജലവിഭവ വകുപ്പ് സെക്രട്ടറി എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്. മാത്രമല്ല, എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ അക്കൗണ്ട്സ് ഓഫീസർമാർ നേരിട്ട് പോയി, കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ചു വകുപ്പ് മേധാവികൾക്ക് കത്തുകളും നൽകുന്നുണ്ട്. ഊർജ്ജിതമായ കുടിശിക നിവാരണ പ്രവർത്തനങ്ങളുടെ ഫലമായി സർക്കാർ സ്ഥാപനങ്ങളുടെ കുടിശിക ഒക്ടോബർ 2023 ലെ 10,596.82 ലക്ഷം രൂപ മെയ് 2024 ആയപ്പോഴേക്കും 10,090.38 ലക്ഷം രൂപയായി കുറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാട്ടർ ചാർജ്ജ് കുടിശ്ശിക ടി സ്ഥാപനങ്ങളുടെ ഗ്രാന്റിൽ നിന്നും കുറവുചെയ്തു തരണം എന്ന് ആവശ്യപ്പെട്ടു തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് കത്തു നൽകുകയും തുടർന്ന് വകുപ്പ് തലത്തിൽ ഇത് സംബന്ധിച്ചുള്ള ചർച്ചകൾ നടന്നു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ